പരിശോധിക്കുമ്പോൾ ഇത് പോരെന്നുള്ളത് വ്യക്തമാണ്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം നേരത്തെ പറഞ്ഞ മൂന്ന് ഇനങ്ങളിലുമുള്ള പെൻഷനുവേണ്ടി എത്ര രൂപ വേണമെങ്കിലും ഏതെങ്കിലും ഇനത്തിൽ നിന്നെടുത്ത് പാവപ്പെട്ട, 45-ം, 50-ം രൂപ കിട്ടുന്ന അഗതികളായ ആളുകളുടെ പെൻഷൻ യാതൊരു കുടിശ്ശികയുമില്ലാതെ ഈ ഗവൺമെന്റ് കൊടുക്കുന്നതാണ്.

(8) കണ്ണൂരിൽ ശ്രീ. എം. വി. രാഘവൻ പങ്കെടുത്ത യോഗം അലങ്കോലപ്പെടുത്തിയ നടപടി

ശ്രീ. എ. സി. ജോസ്: സർ, കണ്ണൂർ ജില്ലയിൽ ഇന്ന് നിലനിൽക്കുന്ന സംഘർഷാവസ്ഥയെക്കുറിച്ചാണ് എനിക്ക് പറയുവാനുള്ളത്. xxxx അവിടെ നിരന്തരമായ വാക്കേറ്റവും തർക്കവും ബഹളവും നടന്നുകൊണ്ടിരിക്കുകയാണ് .....(ബഹളം).. ..... ഇന്നത്തെ പത്രങ്ങളിലെല്ലാം ഇത് കാണാൻ കഴിയും..... ....(ബഹളം) ..... ഞങ്ങൾക്ക് രാഘവനോട് ഒരു ബന്ധവുമില്ല. കാഞ്ഞങ്ങാട്, ഈ സഭയിലെ ഒരംഗമായ ശ്രീ. എം. വി. രാഘവൻ ഒരു യോഗം വിളിച്ചുകൂട്ടി. ബഹുമാനപ്പെട്ട എം. വി. രാഘവന്റെ നിലപാടിനോട് എനിക്ക് യാതൊരു യോജിപ്പുമുണ്ടായിട്ടല്ല ഞാൻ ഇത് പറയുന്നത്. പക്ഷേ അവിടെ നടന്ന ആ യോഗത്തിൽ കല്ലേറും ബഹളവും ചെരിപ്പേറുമുണ്ടായി.....:(ബഹളം).....ആ രീതിയിലാണ് അവിടെ ബഹളം നടക്കുന്നത്. അദ്ദേഹത്തിന്റെ ജീവനിതന്നെ ഭീഷണിയിലായിരിക്കുകയാണ്. ശ്രീ. എം. വി. രാഘവന്റെ ഒരു നയപരിപാടിയോടും കോമണായിട്ട് എനിക്ക് യോജിപ്പുണ്ടായിട്ടല്ല ഞാനിത് പറയുന്നത്. പക്ഷേ പ്രശ്നമെന്താണെന്നുവച്ചാൽ അദ്ദേഹത്തിന് പറയാനുള്ളത് പറയാനുള്ള സ്വാതന്ത്ര്യം വേണം. അതുണ്ടാകണം. xxxx കണ്ണൂർ ജില്ലയിൽ എല്ലാ സ്ഥലത്തും സംഘർഷാവസ്ഥ ഉണ്ടാക്കിയിരിക്കുകയാണ്. ശ്രീ. എം. വി. രാഘവൻ ഈ സഭയിലെ ഒരംഗമാണ്. അദ്ദേഹത്തിന്റെ ജീവനുതന്നെ അപകടമുണ്ടാകുന്ന ഒരു സ്ഥിതിവന്നിരിക്കുകയാണ്. ആ സ്ഥിതിവിശേഷത്തിൽനിന്ന് അദ്ദേഹത്തിനുവേണ്ട സംരക്ഷണം കൊടുക്കണം .....(ബഹളം).....അതിനുള്ള സൗകര്യമുണ്ടാക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഇന്നലെ വൈകുന്നേരം അഞ്ചുമണിക്ക് ശ്രീ. എം. വി. രാഘവൻ (എം. എൽ. എ.) ക്ക്, മാർക്സിസ്റ്റുപാർട്ടിയിൽനിന്ന് പുറത്താക്കിയതിന്റെ പേരിൽ ഒരു സ്വീകരണം നൽകുകയുണ്ടായി. കർഷകത്തൊഴിലാളി യൂണിയൻ ജില്ലാ സെക്രട്ടറി ശ്രീമാൻ കുഞ്ഞിക്കണ്ണന്റെ അദ്ധ്യക്ഷതയിലാണ് ആ സ്വീകരണയോഗം സംഘടിപ്പിച്ചത്..... ....(ബഹളം) ..... മാർക്സിസ്റ്റുപാർട്ടിയുടെ നേതൃത്വത്തിലുള്ള കർഷകത്തൊഴിലാളി യൂണിയന്റെ ജില്ലാ സെക്രട്ടറി ശ്രീ. കുഞ്ഞിക്കണ്ണന്റെ നേതൃത്വത്തിലാണ് ഈയോഗം സംഘടിപ്പിച്ചത്.. .....(ബഹളം)..... കാഞ്ഞങ്ങാട് ഉണ്ടായ ഒരു സംഭവത്തെ സംബന്ധിച്ചുള്ള പ്രശ്നമാണിത്. ശ്രീ. എം. വി. രാഘവൻ (എം. എൽ. എ.) ക്ക് അവിടെ ഒരു സ്വീകരണം നൽകുകയുണ്ടായി. സ്വീകരണത്തിൽ കാസർകോട് കർഷകത്തൊഴിലാളി യൂണിയൻ ജില്ലാസെക്രട്ടറി ശ്രീമാൻ കുഞ്ഞിക്കണ്ണ

LIBRARY ARCHIVES Kerala Legislative Assembly

നാണ് ആദ്ധ്യക്ഷം വഹിച്ചത്. അയ്യായിരത്തിനും ആറായിരത്തിനു മിടക്ക് ജനങ്ങളാണ് അതിൽ പങ്കെടുത്തിരുന്നു എന്നാണ് റിപ്പോർട്ട്. തൃക്കരിപ്പൂർ, നീലേശ്വരം എന്നീ സ്ഥലങ്ങളിൽനിന്ന് ഏതാനും ആളുകൾ വന്ന് കല്ലേറും ചെരിപ്പേറും നടത്തി ശ്രീ. എം. വി. രാഘവന്റെ സ്വീകരണയോഗത്തെ അലങ്കോലപ്പെടുത്തുകയുണ്ടായി. അതിനെത്തുടർന്ന് അവിടെയുണ്ടായ ജനക്കൂട്ടത്തെ ഓടിക്കുന്നതിനുവേണ്ടി പോലീസ് ഇടപെട്ടു, അവരെ വിരട്ടിയോടിക്കുകയും ചെയ്തു. അതിനുമുമ്പേ കല്ലേറുകൊണ്ട ഒരു പോലീസുകാരനും വേറെ മൂന്നാളുകളും ഇപ്പോഴും ആശുപത്രിയിലാണ്. ഈ സംഭവത്തിൽ പോലീസ് കേസ് എടുത്തിട്ടുണ്ട്. ഇതിനിടയിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പൊതുയോഗം കലക്കുക മാത്രമല്ല അക്രമണം നടത്തിയതിന്റെപേരിൽ നടപടി എടുക്കേണ്ടത് ഗവൺമെന്റിന്റെ ബാദ്ധ്യതയാണ്. ആരുടെ പേര് എന്നുള്ളതല്ല പ്രശ്നം. ശ്രീമാൻ എം. വി. രാഘവനായാലും ആരായാലുംശരി യോഗം കലക്കുന്നതും കല്ലേറുനടത്തുന്നതും അക്രമം നടത്തുന്നതുമെല്ലാം തെറ്റാണ്. അതിനെതിരെ നടപടി സ്വീകരിക്കേണ്ടത് ഗവൺമെന്റിന്റെ കടമയാണ്. ഇതിനെസംബന്ധിച്ച് ഏതാനും ആളുകളുടെപേരിൽ കേസ് എടുത്തിട്ടുണ്ട്. 25 ആളുകളുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവരുടെ പേരിൽ നടപടി സ്വീകരിക്കേണ്ടതാണ്. നിർഭാഗ്യകരമായ ഈ സ്ഥിതിവിശേഷം ആവർത്തിക്കാതിരിക്കാൻ ആവശ്യമായ കരുതൽ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഇവിടെ സബ്മിഷൻ ദുരുപയോഗപ്പെടുത്തിയതിനെക്കുറിച്ചല്ല ഞാൻ പറയുന്നത്. ഇവിടെ ശ്രീ. എ. സി. ജോസ് ആവേശത്തോടുകൂടി സംസാരിച്ചപ്പോൾ xxxx എന്ന് പറയുകയുണ്ടായി. ഞങ്ങളെല്ലാം കമ്മ്യൂണിസ്റ്റുപാർട്ടിയിലുള്ളവരാണ്. എല്ലാവരുടേയും കമ്മ്യൂണിസ്റ്റുപാർട്ടിയാണ്. അല്ലാതെ ഒരാളിന്റെ കമ്മ്യൂണിസ്റ്റുപാർട്ടി അല്ല. ഇത് രേഖയിൽനിന്ന എടുത്തുമാറ്റണം.

ശ്രീ. എ. സി. ജോസ്: xxxx ശരിയായിട്ടുള്ള കമ്മ്യൂണിസ്റ്റു പാർട്ടിയുടെ കാര്യമാണെങ്കിൽ ശ്രീ. കെ. പി. പ്രഭാകരൻ അവിടെ ഉണ്ട്. അദ്ദേഹം പറയണം ഏതാണ് കമ്മ്യൂണിസ്റ്റുപാർട്ടിയെന്ന്. xxxx സംഘട്ടനമുണ്ടായിയെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. ഇ. കെ. നായനാർ: xxxx ഇവിടെ കമ്മ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിയേയുള്ളു. അത് സ്പീക്കർ പറയണം. അല്ലെങ്കിൽ അത് വിധിയാകും. അത് ലോകസഭയിൽ വന്ന പ്രശ്നമാണ്. ഇത് ഇവിടെമാത്രം വന്ന പ്രശ്നമല്ല. ഒറ്റ പാർട്ടിയേയുള്ളു. അത് സ്പീക്കർ പറയണം.....(ബഹളം).....

ശ്രീ. എ. സി. ഷൺമുഖദാസ്: ഇതിനു സമാന്തരമായി ഇതിന് മുമ്പും പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. സഭാദ്ധ്യക്ഷൻ ഇതുസംബന്ധിച്ച് വ്യക്തമായ റൂളിംഗ് നൽകിയിട്ടുണ്ട്. സഭ അംഗീകരിച്ചിട്ടുള്ള, പേരുമാത്രമേ ഓരോ രാഷ്ട്രീയ പാർട്ടികളെയുംപറ്റി പറയുമ്പോൾ ഇവിടെ പറയാൻ പാടുള്ളുവെന്നുണ്ട്. ഇന്ത്യൻ നാഷണൽ കോൺഗ്രസ് (ഐ) എന്നാണ് അവരെ പറയേണ്ടത്. കോൺഗ്രസ് (എസ്) എന്നാണ് ഞങ്ങളെപ്പറ്റി പറയുമ്പോൾ പറയേണ്ടത്. സി. പി. ഐ. (എം) എന്നാണ് ഇവരെ പറയേണ്ടത്. അതിന് റൂളിംഗ്

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ട്: ആ റൂളിംഗിന് വിരുദ്ധമായി ഈ സഭയിൽ ആരെങ്കിലും എപ്പോഴെങ്കിലും പറഞ്ഞാൽ അത് സഭാനടപടികളിൽ ഉണ്ടാകാൻ പാടില്ല. ....(ബഹളം) .....

ശ്രീ. എം. എം. ഹസ്സൻ: ഈ സഭയിൽ നടക്കുന്ന ചർച്ചകളിൽ തന്നെ കോൺഗ്രസ് (ഐ) എന്ന് ഒരു രാഷ്ട്രീയപാർട്ടിക്ക് വ്യക്തമായ പേരുണ്ടായിരുന്നിട്ടും ശ്രീ നായനാരും ശ്രീ. ഗൗരിയമ്മയും പലപ്പോഴും (എ) കോൺഗ്രസ്, (ഐ) കോൺഗ്രസ് എന്ന് ആവർത്തിച്ചാവർത്തിച്ച് പറയുന്നത് നടപടികളിൽനിന്നും മാറ്റാത്തിടത്തോളംകാലം മാർക്സിസ്റ്റ്-കമ്മ്യൂണിസ്റ്റ് പാർട്ടി രണ്ടായി നെടുകെ പിളർന്നുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ

* * * *

എന്ന് പറയുന്നതിൽ യാതൊരുനടപടിപ്പിശകുമില്ലെന്നാണ് എന്റെ അഭിപ്രായം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): യോഗത്തിൽ ബഹളം ഉണ്ടാക്കിയത് മാർക്സിസ്റ്റ് പാർട്ടി പ്രവർത്തകരാണെന്നാണ് പറഞ്ഞത്. അല്ലാതെ വേറെ പേരൊന്നും ഞാൻ പറഞ്ഞില്ല.

ശ്രീ. ഇ. കെ. നായനാർ: അതല്ല പ്രശ്നം. പാർട്ടിയെ സംബന്ധിച്ച് വിലയിരുത്തേണ്ടത് എ. സി. ജോസല്ല.....

ശ്രീമതി കെ. ആർ. ഗൗരി: ഈ അടുത്തകാലംവരെ മുന്നണിയിൽ ചേരണോ വേണ്ടയോ എന്ന് ചോദിച്ചു നടന്നവരാണ്. ..

ശ്രീ. എ. സി. ജോസ്: ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുമ്പോൾ ഇവിടത്തെ രാഷ്ട്രീയ പാർട്ടികളുടെ പേര് പറയുന്നതല്ല, റൂളിംഗിനെ സംബന്ധിച്ചാണ് പറയുന്നത്. ശ്രീ. എ. സി. ഷൺമുഖദാസ് പറയുന്ന വാദം എനിക്കു മനസ്സിലാകുന്നില്ല. ഇവിടെ ശ്രീ. ഹസ്സൻ പറഞ്ഞതുപോലെ കോൺഗ്രസ്സിനു് അകത്തോ, മറ്റേതെങ്കിലും പാർട്ടിക്കകത്തോ വിവിധ വിഭാഗങ്ങൾ ഉണ്ടാകുമ്പോൾ അതിനെക്കുറിച്ചെല്ലാം ഇവിടെ പറഞ്ഞിട്ടുണ്ട്. ഇവിടെ ശ്രീ. എം. വി. രാഘവന്റെ പാർട്ടിയെ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി (ആർ) എന്നും പറയാം. റിയൽ എന്നും പറയാം. യഥാർത്ഥത്തിൽ വരുന്നത് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി റിയൽ എന്നാക്കണം. സർ, ഈ പോക്ക് പോവുകയാണെങ്കിൽ നാളെ ഇവിടെ നായനാരുടെ മാർക്സിസ്റ്റ് പാർട്ടി എന്ന് ഞങ്ങളും പറയേണ്ട സ്ഥിതിയിലേക്ക് എത്തിയിരിക്കുകയാണ്. നായനാരെ പ്രതിപക്ഷനേതാവിന്റെ സ്ഥാനത്തുനിന്ന് മാറ്റുന്നു എന്നാണ് ഞങ്ങളും കേൾക്കുന്നത്. അദ്ദേഹത്തെ ദേശാഭിമാനി പത്രത്തിന്റെ പത്രാധിപ സ്ഥാനത്തുനിന്ന് ഇപ്പോൾതന്നെ മാറ്റിക്കഴിഞ്ഞിരിക്കുന്നു. ഞങ്ങളും അതൊക്കെ പറയേണ്ടി വന്നിരിക്കുകയാണ്.

ശ്രീ. ഇ. കെ. നായനാർ: എന്റെ കാര്യം ശ്രീ. ജോസ് നോക്കണ്ട അത് ഞാൻ നോക്കിക്കൊള്ളാം. .....(ബഹളം)..... ..

മി. സ്പീക്കർ: ഇവിടെ റൂൾ 304 ദുരുപയോഗപ്പെടുത്തുകയാണ് എന്നുള്ള ഒരു പരാമർശം ഒരു ബഹുമാനപ്പെട്ട മെമ്പർ നടത്തി. അത് ശരിയല്ല. എന്തുകൊണ്ടെന്നാൽ ഇവിടെ സമാനമായ പ്രശ്നങ്ങളും ഒരു പുതുമയുള്ള കാര്യമല്ല. പല സന്ദർഭങ്ങളിലും സബ്മിഷൻ രൂപത്തിലും മറ്റ് പല രൂപത്തിലും സമാനമായ പ്രശ്നങ്ങളും ഉയർന്നുവന്നിട്ടുണ്ട് എന്നുള്ള കാര്യം സഭാനടപടികളും പരിശോധിച്ചാൽ അറിയാവുന്നതാണ്.

---

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം സഭാനടപടികളിൽനിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

തന്നെയുമല്ല ഈ സഭയിലെ ബഹുമാനപ്പെട്ട ഒരു അംഗത്തെക്കൂടി ബാധിക്കുന്ന ഒരു പ്രശ്നം എന്നുള്ള രീതിയിൽ തീർച്ചയായിട്ടും ഇത് ചട്ട പ്രകാരം ഉന്നയിക്കാവുന്നതാണ്. അതിനകത്ത് യാതൊരു അപാകതയുമില്ല.

മറെറാരു പ്രശ്നം ബഹുമാനപ്പെട്ട ഗൗരിയമ്മയും ശ്രീ. എ. സി. ഷൺമുഖദാസും സൂചിപ്പിച്ചതാണ്. അംഗീകൃത രാഷ്ട്രീയ പാർട്ടികൾ അപ്പുറത്തുനിന്നും ഇപ്പുറത്തുനിന്നും സംസാരിക്കുമ്പോൾ രാഷ്ട്രീയ പാർട്ടികളുടെ അംഗീകൃതമായ പേരുകൾ പറയാതെ അത് മറെറ് പല രീതിയിലും വ്യാഖ്യാനിക്കാനുള്ള തെറെറായ പ്രവണത ഈ സഭയുടെ പല ഭാഗത്തുനിന്നും പലപ്പോഴും ഉണ്ടായിട്ടുണ്ട്. സഭയുടെ ഒരു പ്രത്യേക ഭാഗത്തുനിന്നു മാത്രമല്ല പല ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. ഈ പ്രവണത ഏതായാലും തുടരരുതേ എന്ന് ബഹുമാനപ്പെട്ട അംഗങ്ങളോട് ചെയർ അഭ്യർത്ഥിക്കുകയാണ്. ഓരോ പാർട്ടിക്കും അംഗീകൃതമായിട്ടുള്ള പേരുകൾ ഉണ്ടായിരിക്കെ അത്തരം പാർട്ടികളെ മറെറ് രീതിയിൽ വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നത് ശരിയല്ല. ഇതിന് വ്യത്യസ്തമായി വന്നിട്ടുള്ള പരാമർശം സഭാ നടപടികളിൽ ഉണ്ടായിരിക്കുന്നതല്ല. അതുകൊണ്ട് കൃത്യമായിട്ടും.....(അത് ആരും ഡെസ്സ്ക്കിലടിക്കാൻ വേണ്ടി പറയുന്നതല്ല.) അതുകൊണ്ടാണ് അതിനെക്കുറിച്ച് ചൂണ്ടിക്കാണിച്ചിട്ടുള്ളത്., അതുകൊണ്ട് ഈ പരാമർശം നടത്തുമ്പോൾ സഭ ഇവിടെ അംഗീകരിച്ചിട്ടുള്ള പാർട്ടികളുടെ പേരു മാത്രം വിളിക്കേണ്ടത് ആവശ്യമാണ്.

ശ്രീ. എ. സി. ജോസ്: ഞാൻ ബഹുമാനപ്പെട്ട ചെയറിന്റെ റൂളിംഗിനെ ചോദ്യം ചെയ്യുകയല്ല. അതേ റൂളിംഗ് തന്നെ.....

മി. സ്പീക്കർ; അതിനെക്കുറിച്ച് ഇനി ചർച്ച ഇല്ല.

There is no discussion on this point:

(9) ജയിൽപുള്ളികളെ ബാധിക്കുന്ന പ്രശ്നങ്ങൾ

ശ്രീ. ഇ. കെ. നായനാർ: ഈ സബ്മിഷൻ ഉന്നയിക്കാൻ ഇടവന്നിട്ടുള്ളത് കണ്ണൂരിലും തിരുവനന്തപുരത്തും കാസർക്കോടുമുള്ള ആയിരക്കണക്കിന് തടവുകാരുടെ പെറീഷൻ എനിക്ക് കിട്ടിയതുകൊണ്ടാണ്. ഇക്കാര്യം ഗവൺമെന്റിനെ മുൻപ് അറിയിച്ചിരുന്നതാണ്. ഇതിനെപ്പറ്റി ഒരു നടപടിയും എടുക്കാതിരുന്നതിനെ തുടർന്നാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കാൻ ഇടവന്നത്. ചില സാഹചര്യത്തിന്റെ സമ്മർദ്ദം നിമിത്തം കുറെവാളികളായ ആയിരക്കണക്കിനു തടവുകാർ ഈ മൂന്നു ജയിലുകളിൽ കിടന്ന് നരകിക്കുന്നുണ്ട്. ഒരു കാലത്ത് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഈ തടവുകാരെ സംബന്ധിച്ച് പറഞ്ഞത് ഞാൻ പരാമർശിക്കാം. ഇപ്പോൾ ഇതിന്റെ ചാർജ് മുഖ്യമന്ത്രിക്കാണല്ലോ..... All the might of the state is against him..... തടവുകാർക്ക് എതിരായിട്ടാണ് .....and none of the orderly checks are available. Even the voice of pain is the cry of agony, cannot be heard beyond the high walls. ഇതായിരുന്നു നെഹ്റു അന്ന് പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly